ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) ഉദ്ദേശിക്കുന്നുണ്ട്. യൂറോപ്യൻ കമ്മീഷന്റെ സഹായത്തോടെ സംസ്ഥാനത്ത് സെക്ടർ ഇൻവെസ്റ്റ്മെന്റ് പ്രോഗ്രാം (SIP) എന്ന ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 1997-ൽ ഭാരത സർക്കാരും യൂറോപ്യൻ കമ്മീഷനും ഒപ്പുവച്ച സാമ്പത്തിക ഉടമ്പടിയുടെ അടിസ്ഥാനത്തിൽ ഭാരത സർക്കാർ ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ആരോഗ്യ കുടുംബക്ഷേമ പരിപാടികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ഫലപ്രദമാക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. കേരളത്തിൽ കൊല്ലം ജില്ലയാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി കേരളത്തിന് 20 ലക്ഷം രൂപ ആദ്യഗഡുവായി കേന്ദ്രസർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. ആരോഗ്യമേഖലയിൽ പ്രാഥമിക ആരോഗ്യസംരക്ഷണത്തിന് ഊന്നൽ നല്കിക്കൊണ്ട് വിശിഷ്യ പ്രജനന ശൈശവ ആരോഗ്യപരിപാടിക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള പരിപാടികൾക്കാണ് പദ്ധതിയുടെ ഫണ്ട് വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത്.

കാർഡിയോളജി ഐ. സി. യൂണിറ്റിന് കെ. എച്ച്. ആർ. ഡബ്ല്യൂ. എസ്. ന് കൈമാറുന്ന നടപടി

17 (*606) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ കാർഡിയോളജി ഐ. സി. യൂണിറ്റ് കെ. എച്ച്. ആർ. ഡബ്ല്യൂ. എസ്-ന് കൈമാറാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ കാരണം വിശദീകരിക്കുമോ ;

(സി) പ്രസ്തുത യൂണിറ്റ് കൈമാറിയാൽ ഇവിടെ പ്രവേശിച്ചിരിക്കുന്ന രോഗികൾ കെ. എച്ച്. ആർ. ഡബ്ല്യൂ.എസ്-ന് എന്തെങ്കിലും ഫീസ് നൽകേണ്ടതായി വരുമോ ;

(ഡി) പ്രസ്തുത യൂണിറ്റിൽ ആവശ്യത്തിനുള്ള ഡോക്ടർമാരെയും മറ്റു ജീവനക്കാരെയും മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്ന് അയയ്ക്കേണ്ടതായി വരുമോ ;

(ഇ) ഈ യൂണിറ്റിനുവേണ്ടി കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. എന്തെങ്കിലും സൗകര്യം ചെയ്തിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇതിനുവേണ്ടി അവർക്ക് എന്ത് ചെലവ് വന്നു എന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ & ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാർഡിയോളജി ഐ.സി. യൂണിറ്റ് കെ.എച്ച്.ആർ.ഡബ്ല്യൂ. എസ്.-ന് കൈമാറാൻ തിരുമാനിച്ചിട്ടില്ല.

(സി & ഡി) ഇക്കാര്യത്തിൽ ഒരു തീരുമാനമെടുത്തിട്ടില്ല.

(ഇ & എഫ്) ഉണ്ട്. ഐ. സി. യൂണിറ്റ് അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. ഇതിന്റെ സിവിൽ വർക്കുകൾ പി. ഡബ്ല്യൂ. ഡി.-യാണ് നടത്തിയിട്ടുള്ളത്. ഈ യൂണിറ്റ് സജ്ജീകരിക്കുന്നതിനു വേണ്ടിയുള്ള മെഡിക്കൽ ഉപകരണങ്ങൾ, വർക്ക് സ്റ്റേഷൻ എയർ കണ്ടീഷനിംഗ്, സെൻട്രൽ ഓക്സിജൻ സംവിധാനം, ലിനൻ എന്നിവ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. ആണ് നൽകിയിട്ടുള്ളത്. ഇതിന് ഏകദേശം 25 ലക്ഷത്തോളം രൂപ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. ചെലവഴിച്ചിട്ടുണ്ട്.

എല്ലാ പഞ്ചായത്തുകളിലും ആയുർവേദ-ഹോമിയോ ആശുപത്രികൾ

18 (*607) ശ്രീ. പി. എസ്. സുപാൽ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. പി. രാജു :
ശ്രീ. പി. നാരായണൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും .വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ആയുർവേദ-ഹോമിയോ ആശുപത്രികൾ ആരംഭിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പദ്ധതി എപ്പോൾ പൂർത്തിയാക്കും ; ഇതിനുള്ള എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) പദ്ധതി രൂപരേഖയിൽ എല്ലാ പഞ്ചായത്തിലും ഒരു ആരോഗ്യസ്ഥാപനമെങ്കിലും ഉണ്ടായിരിക്കണമെന്നാണ് വിഭാവനം ചെയ്യുന്നത്. ഇതനുസരിച്ച് ഒരു പഞ്ചായത്തൊഴികെ എല്ലായിടത്തും അലോപ്പതി സ്ഥാപനം ഉണ്ട്. എന്നാൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ആയുർവേദ-ഹോമിയോ ചികിത്സാ സ്ഥാപനങ്ങൾ കൂടി ഘട്ടംഘട്ടമായി ആരംഭിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) ഓരോ സാമ്പത്തികവർഷവും ബഡ്ജറ്റിൽ ലഭ്യമാകുന്ന തുകയ്ക്ക് അനുസൃതമായും, കെട്ടിടം മുതലായ അടിസ്ഥാന സൗകര്യങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തിന് ലഭ്യമാക്കുന്നതിന് അനുസരിച്ച് സ്ഥലത്തിന്റെ പിന്നോക്കാവസ്ഥയും മറ്റു ചികിത്സാ സൗകര്യങ്ങളുടെ അഭാവവും

LIBRARY ARCHIVES Kerala Legislative Assembly